## വഴിവെളിച്ചം

# സംഘടിത നമസ്കാരത്തിന്റെ പ്രാധാന്യം

عَنْ أُبَيِّ بن كَعْبٍ رَضِيَ اللهُ عَنْهُ قَالَ: صَلَّى بِنَا رَسُولُ اللهِ ﷺ يَوْماً الصُّبْحَ فَقَالَ: أَشَاهِدٌ فُلَانٌ؟ قَالُوا: لَا، قَالَ: أَشَاهِدٌ فُلَانٌ؟ قَالُوا: لَا، قَالَ: إِنَّ هَاتَيْنِ الصَّلَاتَيْنِ أَثْقَلُ الصَّلَوَاتِ عَلَى الْمُنَافِقِينَ وَلَوْ تَعْلَمُونَ مَافِيهِمَا لَأَتَيْتُمُوهَا وَلَوْ حَبْوًا عَلَى الرُّكَبِ وَإِنَّ الصَّفَّ الْأَوَّلَ عَلَى مِثْلِ صَفِّ الْمَلَائِكَةِ وَلَوْ عَلِمْتُمْ مَافَضِيلَتُهُ لَابْتَدَرْتُمُوهُ وَإِنَّ صَلَاةَ الرَّجُلِ مَعَ الرَّجُلِ أَزْكَى مِنْ صَلَاتِهِ وَحْدَهُ وَصَلَاتُهُ مَعَ الرَّجُلَيْنِ أَزْكَى مِنْ صَلَاتِهِ مَعَ الرَّجُلِ وَكُلُّ مَاكَثُرَ فَهُوَ أَحَبُّ إِلَى اللهِ تَعَالَى

**ഉബയ്യുബ്നു കഅ്ബ് പറയുന്നു: ഒരിക്കൽ നബി(സ) ഞങ്ങളോടൊപ്പം സുബ്ഹി നമസ്കരിച്ചു. പിന്നെ ചോദിച്ചു: 'ഇന്ന വ്യക്തി നമസ്കാരത്തിന് ഹാജറായിട്ടുണ്ടോ?' ജനങ്ങൾ പറഞ്ഞു: 'ഇല്ല.' നബി(സ): 'ഇന്ന വ്യക്തിയോ?' അവർ: 'ഇല്ല.' അവിടുന്ന് തുടർന്നു: 'തീർച്ചയായും കപടന്മാർക്ക് ഏറ്റവും പ്രയാസമേറിയ രണ്ട് നമസ്കാരങ്ങളാണിവ (ഇശാഉം സുബ്ഹിയും). അവ സംഘടിതമായി നിർവഹിക്കുന്നതിന്റെ ശ്രേഷ്ഠത നിങ്ങൾ മനസ്സിലാക്കിയിരുന്നെങ്കിൽ മുട്ടുകാലിൽ ഇഴഞ്ഞെങ്കിലും നിങ്ങൾ ഇവിടെ എത്തുമായിരുന്നു. സംഘടിത നമസ്കാരത്തിലെ ആദ്യ സ്വഫ്ഫിന്റെ ശ്രേഷ്ഠത ദൈവസന്നിധിയിലെ മലക്കുകളുടെ അണികൾക്ക് തുല്യമാണ്. അതിന്റെ മഹത്വം യഥാവിധി ഗ്രഹിച്ചിരുന്നുവെങ്കിൽ അതുനേടിയെടുക്കാനായി നിങ്ങൾ മത്സരിക്കുമായിരുന്നു. ഒരാൾ മറ്റൊരാളുടെ കൂടെ നമസ്കരിക്കുന്നതാണ് ഒറ്റക്ക് നമസ്കരിക്കുന്നതിനേക്കാൾ പുണ്യം. ഒരാളുടെ കൂടെ നമസ്കരിക്കുന്നതിനേക്കാൾ ശ്രേഷ്ഠത രണ്ടു പേരുടെ കൂടെ നമസ്കരിക്കുന്നതിലാണ്. ഇങ്ങനെ എത്ര പേർ വർധിക്കുന്നുവോ അത്രയും അല്ലാഹുവിന് പ്രിയങ്കരമായിത്തീരും."***

**സംഘടിത** നമസ്കാരം പ്രബലമായ പ്രവാചക മാതൃകയാണ്. വലിയ പ്രതിഫലം വാഗ്ദാനം ചെയ്യപ്പെട്ട ശ്രേഷ്ഠകർമം. "സംഘടിത നമസ്കാരം ഒറ്റക്കുള്ള നമസ്കാരത്തേക്കാൾ ഇരുപത്തിഏഴിരട്ടി പ്രതിഫലാർഹമാണ്" (ബുഖാരി, മുസ്‌ലിം). "ഒരാൾ നന്നായി അംഗശുദ്ധിവരുത്തി നമസ്കാരത്തിന് പള്ളിയിലേക്ക് പുറപ്പെട്ടാൽ ഓരോ കാലടിയും അയളുടെ ഓരോ പദവി ഉയർത്തുകയും ഓരോ പാപം വീതം പൊറുക്കപ്പെടുകയും ചെയ്യും. അങ്ങനെ നമസ്കാരം നിർവഹിച്ച് ശുദ്ധിയോടെ തൽസ്ഥാനത്ത് ഇരുന്നാൽ ആ സമയമത്രയും മലക്കുകൾ അയാൾക്കു വേണ്ടി പ്രാർഥിക്കും: 'അല്ലാഹുവേ, ഇയാൾക്ക് നീ കാരുണ്യവും അനുഗ്രഹവും വർഷിക്കേണമേ'. നമസ്കാരം പ്രതീക്ഷിച്ച് പള്ളിയിലിരിക്കുന്ന സമയമത്രയും അയാൾ നമസ്കാരത്തിൽ തന്നെയാണ്" (ബുഖാരി, മുസ്‌ലിം).

ന്യായമായ കാരണങ്ങളില്ലാതെ ജമാഅത്ത് നമസ്കാരത്തിൽ പങ്കെടുക്കാതിരിക്കുന്നത് നബി(സ) കർശനമായി വിലക്കിയിട്ടുണ്ട്. അവിടുന്ന് പറഞ്ഞു: "വല്ലവനും ബാങ്കു കേട്ടു, എന്നിട്ട് യാതൊരു കാരണവും കൂടാതെ ജമാഅത്ത് നമസ്കാരത്തിൽ പങ്കെടുത്തതുമില്ല; എങ്കിൽ അവന്റെ ഒറ്റക്കുള്ള നമസ്കാരം പിന്നീട് അല്ലാഹു സ്വീകരിക്കുകയില്ല" (അബൂദാവൂദ്, ഇബ്നുമാജ, ഇബ്നു ഹിബ്ബാൻ). ഒരിക്കൽ ജമാഅത്ത് നമസ്കാരത്തിന് പള്ളിയിൽ ആളുകൾ നന്നെ കുറവായപ്പോൾ കോപത്തോടെ നബി(സ)പറഞ്ഞു: "എന്റെ ആത്മാവിന്റെ അധിപനാണ് സത്യം! കുറെ വിറകു ശേഖരിക്കാൻ കൽപന കൊടുക്കുകയും, അത് കൊണ്ടുവന്ന ശേഷം ബാങ്കിനും നമസ്കാരത്തിനുമായി ഒരാളെ ഇമാമായി നിശ്ചയിച്ച്, നമസ്കരിക്കാൻ വരാതെ മാറിനിൽക്കുന്നവരുടെ വീടുകളിൽ ചെന്ന് അവരെ അവരുടെ വീടുകളോടൊപ്പം ചുട്ടെരിക്കാൻ ഞാൻ ആഗ്രഹിച്ചുപോയി. മാംസമുള്ള അസ്ഥിയോ തടിച്ച രണ്ട് എല്ലിൻ കഷ്ണങ്ങളോ കിട്ടുമായിരുന്നെങ്കിൽ എല്ലാവരും ഇതിൽ പങ്കെടുക്കാനായി ഇവിടെ ഓടിയെത്തുമായിരുന്നു!" (ബുഖാരി, മുസ്‌ലിം).

ജമാഅത്ത് നമസ്കാരത്തിന്റെ പ്രാധാന്യവും ഗൗരവവും മനസ്സിലാക്കാൻ ഈ നബിവചനങ്ങൾ തന്നെ ധാരാളം. നബിയുടെ കാലത്ത് കപടന്മാരല്ലാതെ ജമാഅത്ത് നമസ്കാരത്തിൽനിന്ന് പിന്തിനിൽക്കാറുണ്ടായിരുന്നില്ല. അങ്ങനെയുള്ളവരെ ഇസ്‌ലാമിക സമൂഹത്തിൽനിന്നുതന്നെ പുറത്തുപോയവരായി സ്വഹാബികൾ കണ്ടിരുന്നു. അബ്ദുല്ലാഹിബ്നു ഉമർ (റ) പറയുന്നു: "ഞങ്ങളുടെ കാലത്ത് ഒരാൾ സുബ്ഹി നമസ്കാരത്തിനും ഇശാ നമസ്കാരത്തിനും ഹാജരാവാതിരുന്നാൽ അയാളെ കുറിച്ച് മോശമായ പലതും ഞങ്ങൾ വിചാരിക്കാറുണ്ടായിരുന്നു" (ത്വബ്റാനി, ഹാകിം, ഇബ്നു ഖുസൈമ).

ഇശാ, സുബ്ഹി നമസ്കാരങ്ങൾ നബി(സ) എടുത്തു പറയുന്നുണ്ട്. സാധാരണഗതിയിൽ, ജമാഅത്തായി നിർവഹിക്കാൻ പ്രയാസമുള്ള നമസ്കാരങ്ങളാണവ. അടിയുറച്ച ദൈവവിശ്വാസവും പരലോക ബോധവുമുള്ളവർക്ക് മാത്രമേ ഏതു സാഹചര്യത്തിലും വീഴ്ച കൂടാതെ അവ അനുഷ്ഠിക്കാൻ കഴിയൂ. നബി(സ) പറഞ്ഞു: "ഇശാ നമസ്കാരം സംഘടിതമായി നമസ്കരിച്ചവൻ രാത്രി പകുതി നേരം നിന്നു നമസ്കരിച്ചവനെ പോലെയാണ്; സുബ്ഹി ജമാഅത്തായി നമസ്കരിച്ചവനാവട്ടെ രാത്രി മുഴുവൻ നിന്നു നമസ്കരിച്ചവനെ പോലെയും!" (മുസ്‌ലിം, അബൂദാവൂദ്, തിർമിദി). ■

**ജഅ്ഫർ എളമ്പിലാക്കോട്**

*ഇമാം അഹ്മദ്, അബൂദാവൂദ്, നസാഈ, ഹാകിം, ഇബ്നു ഹിബ്ബാൻ എന്നിവർ ഉദ്ധരിച്ച ഹദീസിന്റെ നിവേദക പരമ്പര ഹസൻ ആണെന്ന് മുഹ്‌യുദ്ദീൻ ദീബ് മിസ്തു, സമീർ അഹ്മദുൽ അത്താർ, യൂസുഫ് അലി സുദൈവി എന്നിവർ സാക്ഷ്യപ്പെടുത്തുന്നു.